# മണ്ണും മനസ്സും അറിഞ്ഞുള്ള പ്രവർത്തനങ്ങൾക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിന് പുരസ്കാരം

malayala manorama 01/07/2017

കായംകുളം ● കൃഷിയിടങ്ങളിലേക്ക് ഇറങ്ങി ചെന്നു കർഷകർക്കു ഗുണകരമായി പ്രവർത്തിച്ച മികവിന് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന് അംഗീകാരം. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കഴിഞ്ഞ വർഷത്തെ പുരസ്കാരമാണ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിനു ലഭിച്ചത്.

കർണാടക, കേരളം, ലക്ഷദ്വീപ് എന്നിവ ഉൾപ്പെടുന്ന സോണിലെ മികച്ച കൃഷി വിജ്ഞാന കേന്ദ്രമായാണ് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം തിരഞ്ഞെടുക്കപ്പെട്ടത്.

കാർഷിക അനുബന്ധ മേഖലകളിൽ ഏറ്റവും പുതിയതും അനുയോജ്യവുമായ സാങ്കേതിക വിദ്യകൾ കർഷകരിലെത്തിച്ചതായിരുന്നു കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനം.

കൂടാതെ കൃഷി ചെലവ് കുറച്ചും ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിച്ചും പരിസ്ഥിതിയെ സംരക്ഷിച്ചുമുള്ള കൃഷി രീതികളും പ്രാവർത്തികമാക്കി. ഇതിനായി കൃഷിയിട പരീക്ഷണങ്ങൾ, പ്രദർശന പരിപാടികൾ, പരിശീലനങ്ങൾ, കാർഷിക ഉപാധികൾ ലഭ്യമാക്കൽ തുടങ്ങിയവ നടത്തി.




മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ തരിശുപാടത്തെ ഉഴുന്നുകൃഷി വിളവെടുപ്പ് (ഫയൽ ചിത്രം).

കുട്ടനാട്ടിലെ മുട്ടാർ പഞ്ചായത്തിൽ കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി, നാളികേര വികസന ബോർഡുമായി ചേർന്ന് തെങ്ങിന്റെ ചങ്ങാതി കൂട്ടം എന്ന തെങ്ങുകയറ്റ പരിശീലനം, തെങ്ങു കൃഷിയിൽ ഉൽപാദനക്ഷമത വർധിപ്പിക്കാനുള്ള പദ്ധതികൾ തുടങ്ങിയവ കേന്ദ്രം നടപ്പിലാക്കി.

മഞ്ഞൾ, ഇഞ്ചി കൃഷികളുടെ പുനരുദ്ധാരണത്തിന് ഓണാട്ടുകര സുഗന്ധവ്യഞ്ജന ഉൽപാദന കമ്പനി പ്രവർത്തനം ആരംഭിച്ചു.

ജൂലൈ 16ന് ബെംഗളൂരുവിൽ നടക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സ്ഥാപകദിന ചടങ്ങിൽ അവാർഡ് ഏറ്റുവാങ്ങും.